LIBRARY ARCHIVES Kerala Legislative Assembly

കള്ള് വ്യവസായത്തൊഴിലാളി പെൻഷൻ

97 [551] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ള് വ്യവസായത്തിലെ തൊഴിലാളികൾക്ക് പെൻഷന് അർഹമായ പ്രായപരിധി എത്രയാണെന്നും, നിശ്ചയിക്കപ്പെട്ട പെൻഷൻ എത്രയാണെന്നും, എത്ര തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിന് ക്ഷേമനിധി ബോർഡ് തീരുമാനിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത തീരുമാനത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പെൻഷൻ വർദ്ധിപ്പിക്കുന്നതിലുള്ള നിലപാട് വ്യക്തമാക്കുമോ;

(ഡി) ക്ഷേമനിധി ബോർഡിന് നൽകുന്ന ഗ്രാന്റ് വകയിൽ ഇപ്പോൾ എത്ര രൂപ കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കാമോ; കുടിശ്ശിക എപ്പോൾ നൽകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പെൻഷന് അർഹമായ പ്രായപരിധി 60 വയസ്സാണ്. ശാശ്വതമായ അംഗവൈകല്യം, ദീർഘകാലത്തെ ഗുരുതരമായ അസുഖത്താൽ പൂർണ്ണമായും ജോലി ചെയ്യാൻ കഴിവില്ലായ്മ എന്നിവ മൂലം പ്രായപരിധിക്ക് മുമ്പ് സർവ്വീസിൽനിന്ന് പിരിഞ്ഞവർക്കും പെൻഷന് അർഹതയുണ്ട്. നിശ്ചയിക്കപ്പെട്ട പെൻഷൻ പ്രതിമാസം 100 രൂപയാണ്. 31-5-2004 വരെ 15638 തൊഴിലാളികൾക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്.

(ബി) തീരുമാനിച്ചിട്ടുണ്ട്.

(സി) പെൻഷൻ തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച ബോർഡിന്റെ തീരുമാനം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) 2003-2004 വരെ 479.18 ലക്ഷം രൂപ കുടിശ്ശികയുണ്ട്. 1996-97 മുതൽ 2002-2003 വരെയുള്ള കണക്കുകൾ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് ഹാജരാക്കുന്ന മുറയ്ക്ക് കുടിശ്ശിക തുക നൽകുന്നതാണ്.

കർഷകത്തൊഴിലാളി പെൻഷൻ

98 [552] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി പെൻഷൻ ഏതുമാസം വരെ നൽകിയെന്നും ഇനി എത്ര മാസത്തെ പെൻഷൻ കുടിശ്ശിക ഉണ്ടെന്നും വ്യക്തമാക്കുമോ;

(ബി) കർഷകത്തൊഴിലാളി പെൻഷന്റെ കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ സംസ്ഥാന വിഹിതം വർദ്ധിപ്പിച്ചുകൊണ്ട് കർഷക തൊഴിലാളി പെൻഷൻ തുക വർദ്ധിപ്പിച്ചു നൽകുമോ?

ഉത്തരം

(എ) 31-7-2002 വരെയുള്ള കർഷകത്തൊഴിലാളി പെൻഷൻ വിതരണം ചെയ്തു കഴിഞ്ഞു. 1-8-2002 മുതൽ 31-10-2002 വരെയുള്ള ഒരു ഗഡു പെൻഷൻ വിതരണം ചെയ്യുന്നതിന് 1-6-2004-ലെ ജി.ഒ.(ആർ.ടി.) 1516/04/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം തുക അനുവദിച്ചു നൽകിയിട്ടുണ്ട്. 1-11-2002 മുതൽ 31-5-2004 വരെ 19 മാസത്തെ പെൻഷൻ കുടിശ്ശിക നൽകാനുണ്ട്.

(ബി ആന്റ് സി) കർഷകത്തൊഴിലാളി പെൻഷൻ നൽകുന്നതിന് കേന്ദ്ര സഹായം ലഭിക്കുന്നില്ല. പൂർണ്ണമായും സംസ്ഥാന സർക്കാർ അനുവദിക്കുന്നതാണ്. സംസ്ഥാന സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ കർഷക തൊഴിലാളി പെൻഷൻ തുക വർദ്ധിപ്പിച്ചു നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കരകൗശല വൈദഗ്ദ്ധ്യങ്ങൾ പരിരക്ഷിക്കാൻ നടപടി

99 [553] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശ്വകർമ്മ സമുദായ അംഗങ്ങളെ പരമ്പരാഗത വിദഗ്ദ്ധ തൊഴിലാളി സമൂഹമായി പ്രഖ്യാപിച്ച് അവരുടെ പരിരക്ഷ ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) ഇവരിൽ പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ നടപടികൾ സ്വീകരിക്കുമോ;

(ഡി) വിശ്വകർമ്മ സമുദായംഗങ്ങളിൽ നിലനിന്നിരുന്ന അപൂർവ്വ കരകൗശല വൈദഗ്ദ്ധ്യങ്ങളിൽ ചിലത് നഷ്ടപ്പെട്ടു വരുന്നുവെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അവ പരിരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികജാതി /പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 27-11-2003-ലെ ജി.ഒ.(പി) നം. 76/03/പജപവവിവ നമ്പർ ഉത്തരവു പ്രകാരം വിശ്വകർമ്മ സമുദായത്തെ പരമ്പരാഗത തൊഴിൽ സമുദായമായി അംഗീകരിച്ചുത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly